വാഹനാപകടങ്ങൾ ഒഴിവാക്കാൻ നടപടി

* 16 [166] ശ്രീ. വി.ഡി. സതീശൻ:

,, അടൂർ പ്രകാശ്:

,, ഇ. എം. അഗസ്തി:

,, കെ. സി. ജോസഫ്:

,, കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു;

(ഡി) റോഡുകൾക്ക് താങ്ങാവുന്നതിലധികം ഗതാഗതം അനുഭവപ്പെടുന്നുണ്ടോ;

(ഇ) എങ്കിൽ ഇതിന് എന്തു പരിഹാരം കാണുവാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഉണ്ട്.

(ബി) വാഹനങ്ങളുടെ ബാഹുല്യം, അമിതവേഗത, മത്സരയോട്ടം, റോഡുകളുടെ ശോചനീയാവസ്ഥ, മദ്യപിച്ചു വാഹനമോടിയ്ക്കൽ, ട്രാഫിക് നിയമങ്ങളെ കുറിച്ച് പൊതുജനങ്ങൾക്കുള്ള അജ്ഞത, ട്രാഫിക് നിയമങ്ങൾ അനുസരിക്കാതിരിക്കുക മുതലായവയാണ് വാഹനാപകടങ്ങൾ വർദ്ധിയ്ക്കാൻ കാരണം.

(സി) വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് എല്ലാ ജില്ലകളിലും വാഹന പരിശോധന ശക്തമാക്കുവാൻ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. വാഹനങ്ങളുടെ അമിത വേഗതയും മത്സര ഓട്ടവും മദ്യപിച്ചു വാഹനം ഓടിക്കുന്നതും കണ്ടുപിടിയ്ക്കുന്നതിന് ബ്രീത്ത് അനലൈസർ, ഗ്യാസ് അനലൈസർ, സ്പീഡ് റഡാർ എന്നിവ ഘടിപ്പിച്ച് "സ്പീഡ് ട്രെയ്സർ" എന്ന വാഹനങ്ങൾ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ ചുമതലയിൽ സംസ്ഥാനത്തെ പ്രധാന നിരത്തുകളിലും കർശനമായ പരിശോധന നടത്തി വരുന്നു. പൊതുജനങ്ങളെയും ഡ്രൈവർമാരേയും ബോധവൽക്കരിയ്ക്കുന്നതിന് സെമിനാറുകൾ, ക്ലാസുകൾ എന്നിവ നടത്തുകയും, ലഘുലേഖകൾ വിതരണം ചെയ്യുകയും, പരസ്യബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ട്രാഫിക് സൈൻ ബോർഡുകൾ, സിഗ്നൽ ലൈറ്റുകൾ, വാണിംഗ് ബ്ലിങ്കറുകൾ, വേഗതാ പരിധി ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നുണ്ട്. ട്രാഫിക് ചട്ടങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സമഗ്രമായ റോഡു സുരക്ഷാ പരിപാടികൾ നടത്തുന്നതിനും വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഒരു റോഡ് സേഫ്ടി അതോറിറ്റിയും, സുരക്ഷാ ഫണ്ടും രൂപീകരിക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ഡി) ഉണ്ട്.

(ഇ) റോഡു വികസനം പൂർത്തിയാകുന്ന മുറയ്ക്ക് ഇതിന് പരിഹാരമാകുമെന്നാണ് പ്രതീക്ഷ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ

* 17 [167] ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ:

,, കെ. കെ. ജയചന്ദ്രൻ:

,, എ. സി. മൊയ്തീൻ:

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) അടിസ്ഥാന നികുതി, ഗ്രാന്റ്, വെഹിക്കിൾസ് ടാക്സ് കോമ്പൻസേഷൻ ഗ്രാന്റ്, വസ്തുകൈമാറ്റ നികുതി, റൂറൽ പൂൾ ഗ്രാന്റ് എന്നീ ഇനങ്ങളിൽ എന്തു തുക വീതം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്ന പദ്ധതിയേതര ഗ്രാന്റുകൾ യഥാസമയം വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള)

(എ) ഉണ്ട്.

(ബി) രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 3½ ശതമാനം ജനറൽ പർപ്പസ് ഗ്രാന്റായി ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ വസ്തു നികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly